# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2620

09.07.2015-ൽ
മറുപടിക്ക്

## സഹകരണ സംഘങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.എ.വാഹീദ് | | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങൾക്ക് അവയുടെ സ്വന്തം ബിസിനസ് ആവശ്യാർത്ഥം സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കാറുണ്ടോ ;<br><br>ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ; | (എ) യും (ബി) യും | സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവു നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള 08.10.1960-ലെ G.O.(MS) 795/60/Agri. നമ്പർ ഉത്തരവ് (SRO No.75/60) പ്രകാരം അർഹതയുള്ള ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചുവരുന്നുണ്ട്. പകർപ്പ്, അനുബന്ധമായി ചേർക്കുന്നു. |
| സി) രജിസ്ട്രേഷൻ വകുപ്പിലെ പല സബ് രജിസ്ട്രാർമാരും സ്ഥലം രജിസ്റ്റർ ചെയ്യാൻ അനുവദിക്കാതെ ആധാരം ഇംപൗണ്ട് ചെയ്യുകയോ സ്റ്റാമ്പ് ഡ്യൂട്ടി പിഴ പലിശ സഹിതം ആവശ്യപ്പെടുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ഉണ്ട്. G.O.(MS) 795/60/Agri. നമ്പർ ഉത്തരവിന്റെ ലക്ഷ്യപ്രാപ്തി (scope) വിശദമായി പരിശോധിക്കുന്നതിനായി ഒരു ഫുൾ ബഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ബഹു: കേരള ഹൈക്കോടതി WA 1216/07 തുടങ്ങിയ കേസ്സുകളിൽ ഉത്തരവായിരുന്നു. ഫുൾബെഞ്ചിന്റെ 18/12/14-ലെ ഉത്തരവിൽ താഴെ പറയുന്ന നിയമതത്വങ്ങൾ പ്രഖ്യാപിക്കപ്പെട്ടു:- |

1. SRO No. 75/60 issued under section 35 of the TC Act and section 30 of the Madras Act is saved by virtue of section 110 (2) of the Kerala Act only to the extent it is not inconsistent with the provisions of the Kerala Act.

2. SRO No. 75/60 should be understood within the limitations of sections 110 (2) and 40 (1) (a) of the Kerala Act.

3. The benefit of remission of stamp duty is available only in respect of instruments executed by or on behalf of a society or by an officer or member thereof and instrument so executed should be relating to the business of the society.

4. The benefit of remission can be claimed by the society only if, but for such remission, the society, an officer or the member as the case may be, would have been liable to pay such stamp duty.

മേൽ പറഞ്ഞ ഹൈക്കോടതി ഉത്തരവ് പ്രകാരം ഓരോ ആധാരവും പരിശോധിച്ച് സബ് രജിസ്ട്രാർ മുദ്രപത്ര നിയമം 33-ാം വകുപ്പ പ്രകാരം ആധാരങ്ങൾ ചില കേസ്സുകളിൽ ബന്തവസ് നടപടിക്ക് വിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡി) സഹകരണ സംഘങ്ങൾക്ക് അവയുടെ സ്വന്തം ബിസിനസ്സ് ആവശ്യാർത്ഥം സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകണമെന്ന നിബന്ധന കൃത്യമായി പാലിക്കാൻ എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുമോ ?

ഡി) 08.10.1960-ലെ G.O.(MS) 795/60/Agri. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുദ്ര ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഉത്തരവിന്റെ നിയമ സാധുത സർക്കാർ പരിശോധിച്ചു വരികയാണ്. WA 1216/07 തുടങ്ങിയ കേസ്സുകളിൽ ഹൈക്കോടതിയുടെ ഫുൾബെഞ്ചിന് 08.10.1960-ലെ SRO No.75/1960 ന്റെ ലക്ഷ്യവ്യാപ്തി (scope) ആയിരുന്നു റഫർ ചെയ്യപ്പെട്ടത്. ഫുൾബഞ്ച്

18.12.14 ന് പുറപ്പെടുവിച്ച ഉത്തരവിൽ 3-ാം മതായി, സൊസൈറ്റി അംഗത്തിൽനിന്ന് വസ്തു വാങ്ങുന്ന ആധാരങ്ങളുടെ വിഷയമാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ടി ഉത്തരവിൽ 23-ാം ഖണ്ഡികയിൽ താഴെ പറയുന്ന പ്രകാരം വ്യക്തമാക്കിയിരിക്കുന്നു :

"If a member of the society is executing a document in his own capacity or in the capacity of a guardian of a minor he cannot avail the benefit of remission of stamp duty." ആയതിനാൽ ഫുൾ ബെഞ്ചിന്റെ ഉത്തരവിലെ 23-ാം ഖണ്ഡികയിലും ഖണ്ഡിക 26(3)ലും, അംഗം ഒപ്പിടുന്നത് ഭൂമിയുടെ ഉടമ എന്ന നിലയിൽ മാത്രമായതിനാലും സൊസൈറ്റിയുടെ പ്രതിനിധി എന്ന നിലയിൽ അല്ലാത്തതിനാലും ആധാരത്തിന് ഡ്യൂട്ടി ഇളവിന് അർഹതയില്ല എന്നാണ് ഫുൾബെഞ്ച് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇക്കാര്യം WP(C) 1765/15 കേസ്സിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് പരിഗണിക്കുകയും 13.03.15-ന്റെ വിധിന്യായത്തിൽ ഫുൾ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിധിപറയുകയും ചെയ്തു. വിധിയുടെ 2-ാം ഖണ്ഡികയിൽ, വസ്തു ഉടമ, TP ആക്ടിലെ 55-ാം വകുപ്പ് പ്രകാരം വസ്തു ഉടമ എന്ന നിലയിൽ മാത്രം ആധാരത്തിൽ ഒപ്പിടുന്നത് സൊസൈറ്റിയുടെ പേരിൽ ഒപ്പിടുന്നതായി കണക്കാക്കാനാകില്ല എന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. സിംഗിൾ ബഞ്ച് വിധിക്കെതിരെ ഫയൽ ചെയ്യപ്പെട്ട WA 630/15 നമ്പർ റിട്ട് അപ്പീലിൽ 17.03.15-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഡിവിഷൻ ബഞ്ച്, സിംഗിൾ ബെഞ്ച് ഉത്തരവ് ശരിവച്ചു. പ്രസ്തുത വിധിയ്ക്കെതിരെ ഹർജിക്കാരായ കേരള ലാന്റ് റിഫോംസ് & ഡവലപ്മെന്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4482 എന്ന സഹകരണ സ്ഥാപനം സുപ്രീം കോടതിയിൽ SLP(C) No.13416/2015 ആയി സ്പെഷ്യൽ ലീവ്

പെറ്റിഷൻ ഫയൽ ചെയ്തിരിക്കുന്നതിനാൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചാൽ മാത്രമേ ഈ വിഷയത്തിൽ തീരുമാനമാവുകയുള്ളൂ. ആയതിനാൽ ഈ വിഷയത്തിൽ സബ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകാൻ നിയമപരമായി ഇപ്പോൾ കഴിയുന്നതല്ല.

സെക്ഷൻ ഓഫീസർ.

## NOTIFICATION †

No.(Ms.)795/60/Agri. Dated, Trivandrum, 8th October, 1960.

**S.R.O. No.75/60.**— In exercise of the powers conferred by sub-sections (1) and (2) of section 35 of the Travancore-Cochin Co-operative Societies Act, 1951 (Act X of 1952) and by sub-sections (2) (a) and (2) (b), Section 30 of the Madras Co-operative Societies Act (VI of 1932) and in supersession of all notifications issued on the subject, the Government of Kerala direct in respect of Co-operative Societies registered in the State as follows:—

1. The stamp duty, registration fees and fees for Encumbrance Certificate payable under the Stamp Act and the Registration Act in force in the State shall be remitted to the Co-operative Societies, in the following cases to the extent indicated in each case.

(a) The whole stamp duty with which under the Kerala Stamp Act, 1959 (Act 17 of 1959) instruments executed by or on behalf of any registered Co-operative Society or instruments executed by "any officer of such Society or member in his own capacity or/and in the capacity of a guardian of minor" and relating to the business thereof and decisions, awards or orders of the Registrar or the arbitrators under the said Co-operative Societies Act.

(b) One-half of all fees payable under the law of registration for the time being in force, in respect of any document executed by or on behalf of any registered Co-operative Society or by any officer of such society or member in his own capacity or/by and in the capacity of a guardian of minor and relating to the business thereof provided the fees at full rate, shall be levied in respect of documents of the value exceeding Rs. five thousand.

(c) The whole of the search fees payable under Article XI of the table of fees prescribed under Section 78 of the Indian Registration Act, 1908 (Act XVI of 1908) by Notification G.O.(P)687/66/RD. dated 17th December 1966, in respect of applications for encumbrance certificates, made by the Land Mortgage Banks in Connection with loans not exceeding Rs. two thousand.

(d) One-half of the search fees payable under Article XI of the table of fees prescribed under Section 78 of the Indian Registration Act, 1908 (Act XVI of 1908) by Notification G.O.(P)687/66/RD. dated 17th December 1966, in respect of applications for encumbrance certificate made by the President or Secretary of a Registered Co-operative Society other than Land Mortgage Banks and in the case of Land Mortgage Bank by the President, Secretary or by an Officer not below the rank of an Inspector (or Supervisor where there is no Inspector) in Connection with loans not exceeding Rs. five thousand.

By order of the Governor,
C. THOMAS,
Secretary.